പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഏപ്രിൽ 28, 2017

## സുവർണ്ണ കടപത്രം ഡീമാറ്റ് രൂപത്തിൽ സൂക്ഷിക്കുന്നതിനെ കുറിച്ച്

ഭാരതീയ റിസർവ് ബാങ്ക് ഭാരത സർക്കാരുമായി ചർച്ചകൾ നടത്തിയതിനുശേഷം 4800 കോടി രൂപയുടെ സുവർണ്ണ കടപത്രം ഇതുവരെ പുറപ്പെടുവിക്കുകയുണ്ടായി. ഈ കടപത്രത്തിൽ നിക്ഷേപിക്കുന്നവർക്ക് നിക്ഷേപങ്ങൾ തങ്ങളുടെ ഇച്ഛാനുസരണം ഭൗതിക രൂപത്തിലോ ഡീമാറ്റ് രൂപത്തിലോ സൂക്ഷിക്കാമായിരുന്നു.

ഡീമാറ്റിനുള്ള അപേക്ഷ ബഹുഭൂരിപക്ഷവും വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞുവെങ്കിലും പേരിലും പാൻ നമ്പറിലും ഉള്ള വ്യത്യാസങ്ങൾ കാരണവും മറ്റുചില കാരണത്താലും ചില രേഖകളുടെ ഡീമാറ്റ പ്രക്രിയ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം രേഖകളുടെ വിശദവിവരങ്ങൾ https://sovereigngoldbondx.rbi.org.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പണ സ്വീകരിച്ച ബാങ്കിന്റെ പേര്, നിക്ഷേപകന്റെ തിരിച്ചറിയൽ നമ്പർ, ഡീമാറ്റ് ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. നിക്ഷേപകർ തങ്ങളുടെ തിരിച്ചറിയൽ നമ്പർ ഇക്കൂട്ടത്തിൽഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ബാങ്കുകളും ഇവ പരിശോധിക്കുകയും ആവശ്യമെങ്കിൽ തങ്ങളുടെ നിക്ഷേപകരുമായി കൂടി ആലോചിച്ചതിനുശേഷം ആവശ്യമായ തിരുത്തലുകൾ തെറ്റായ രേഖകളിൽ നടത്തേണ്ടതാണ്. ഭാരതീയ റിസർവ് ബാങ്കിന്റെ ഇ.കുബേർ സംവിധാനത്തിൽ തിരുത്തലിനുള്ള ജാലകം ഇതിനായി സജീവമാണ്.

ഡീമാറ്റ് രൂപത്തിലാക്കാനുള്ള നടപടികളിൽ തടസ്സം നേരിട്ട കടപത്രം ഉൾപ്പെടെ എല്ലാ സുവർണ്ണ കടപത്രവും ഭാരതീയ റിസർവ് ബാങ്കിന്റെ അക്കൗണ്ട് ബുക്കിൽ സുരക്ഷിതമാണെന്നും അവയ്ക്ക് ചിട്ടയായ സേവനം ലഭ്യമാകുമെന്നും ഉറപ്പ് നൽകുന്നു.

അനിരുദ്ധ ഡി.യാദവ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2016-2017/2928